പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6349 11/07/2012 - ൽ മറുപടിക്ക്

## ചാത്തന്നൂർ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത് ചിറയിൽ 'കാർപ്പ് സീഡ് പ്രൊഡക്ഷൻ സെന്റർ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആദിച്ചനെല്ലൂർ ഗ്രാമ പഞ്ചായത്ത് ചിറയിൽ 'കാർപ്പ് സീഡ് പ്രൊഡക്ഷൻ സെന്റർ' സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി അറിയിക്കുമോ ; | (എ) ആദിച്ചനെല്ലൂർ ചിറയിൽ 'കാർപ്പ് സീഡ് പ്രൊഡക്ഷൻ സെന്റർ' സ്ഥാപിക്കുന്ന പദ്ധതിക്കെതിരായി ശ്രീ. കെ.ജേക്കബ്, ശ്രീ. പി.ശങ്കരൻകുട്ടി എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) 8682/10 നമ്പർ കേസിലെ ഇടക്കാല ഉത്തരവിൻപ്രകാരം പ്രസ്തുത ഹാച്ചറി നിർമ്മാണ പ്രവൃത്തികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;<br>(സി) അടിയന്തിരമായി കോടതി നടപടികൾ അവസാനിപ്പിച്ച് സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ശ്രദ്ധിക്കുമോ ? | (ബി) & (സി) ചിറയിലെ നിർമ്മാണ പ്രവൃത്തികൾ പൊതു താല്പര്യപ്രകാരമുള്ളതാണോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു. ഹൈക്കോടതി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് കോടതിയിൽ ഫയൽ ചെയ്തിരിക്കുകയാണ്. നിലവിലുള്ള പദ്ധതിക്ക് അനുകൂലമായ ശുപാർശകളല്ല പ്രസ്തുത റിപ്പോർട്ടിലുള്ളതെന്നതിനാൽ ആയത് കൂടി പരിഗണിച്ച് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ